# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 22 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## അതിഥി തൊഴിലാളി ആരോഗ്യസുരക്ഷ: മെഡിക്കൽ ക്യാമ്പുകൾ തുടങ്ങി

ജില്ലയിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന അതിഥി തൊഴിലാളികളുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും നാഷനൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനും ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആരോഗ്യ സുരക്ഷാ പ്രോജക്ടിന്റെ മെഡിക്കൽ ക്യാമ്പുകൾക്ക് തുടക്കമായി. തൃശൂരിൽ അസെറ്റ് ഹോംസ് നിർമ്മാണ സ്ഥലത്ത് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

അതിഥി തൊഴിലാളികളുടെ തൊഴിലിടങ്ങളിലാണ് പ്രധാനമായും എച്ച്.ഐ.വി, ക്ഷയം എന്നിവ പരിശോധിക്കുന്നതിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുക. ഇതുവരെ 15 ക്യാമ്പുകൾ നടന്നു. സംസ്ഥാനത്ത് ആകെ 15 പ്രൊജക്ടുകളാണ് കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ചെയ്യുന്നത്. ഇതിൽ തൃശൂരിലും കണ്ണൂരിലുമാണ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രൊജക്ടുകളുള്ളത്. 18 ലക്ഷം രൂപയാണ് ഒരു വർഷത്തെ പ്രൊജക്ട് നടപ്പാക്കാൻ ജില്ലക്കായി നീക്കി വെച്ചിട്ടുള്ളത്.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.കെ. ഉദയപ്രകാശൻ അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൻ ജെന്നി ജോസഫ്, ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൻ പത്മിനി ടീച്ചർ, നാഷനൽ ഹെൽത്ത് മിഷൻ ജില്ലാ പ്രൊജക്ട് മാനേജർ ഡോ. ടി.വി. സതീശൻ, കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ടെക്നിക്കൽ എക്സ്പേർട്ട് ജി. സുനിൽകുമാർ, ഐ.പി.ആർ.ഡി അസിസ്റ്റൻറ് എഡിറ്റർ പി.പി. വിനീഷ്, ഡോ. നിതിൻ, അസെറ്റ് ഹോംസ് പ്രൊജക്ട് മാനേജർ അനിൽകുമാർ, എഫ്.എസ്.ഡബ്ല്യു പ്രൊജക്ട് മാനേജർ ജെസ്റ്റോ എന്നിവർ സംസാരിച്ചു. ജില്ലാ പഞ്ചായത്ത് മൈഗ്രൻറ് സുരക്ഷ പ്രൊജക്ട് മാനേജർ സി.ആർ. ശരത്കുമാർ സ്വാഗതവും വി. വിപിൻ നന്ദിയും പറഞ്ഞു.

(പടം: കാപ്ഷൻ: കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനും എന്നിവ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആരോഗ്യ സുരക്ഷാ പ്രോജക്ടിന്റെ മെഡിക്കൽ ക്യാമ്പ് തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ് ഉദ്ഘാടനം ചെയ്യുന്നു)

## അടിയന്തരാവസ്ഥ: കണക്കെടുക്കുന്നു

1975-77 കാലത്തെ ആഭ്യന്തര അടിയന്തരാവസ്ഥയിൽ കൊടിയ പീഡനം നേരിടേണ്ടി വന്നവരും അവശതയിലുള്ളവരുമായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യരായവർ ജയിൽ/പോലീസ് വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം/രേഖകൾ സഹിതം സെപ്റ്റംബർ രണ്ടിനകം തഹസിൽദാർ മുഖേന അപേക്ഷ നൽകണം. യോഗ്യത തെളിയിക്കുന്നതിനാവശ്യമായ രേഖകളി ലാത്തതുമായ അപേക്ഷ നിരസിക്കുന്നതാണ്. ഫോൺ: 0487-2433469, 2433471.

## വാഴാനി ഡാം ശനിയാഴ്ച തുറക്കും

വാഴാനിയിലെ സംഭരണി നിറയാൻ സാധ്യതയുള്ളതിനാൽ ഡാമിന്റെ സ്പിൽവേ ഷട്ടർ ഒരെണ്ണം ആഗസ്റ്റ് 24 ന് ശനിയാഴ്ച രാവിലെ 10 മണിക്കും 12 മണിക്കും ഇടയിൽ തുറക്കാൻ ജില്ലാ ദുരന്തനിവാരണ സമിതി ചെയർമാനായ ജില്ലാ കളക്ടർ അനുമതി നൽകി. 60.28 മീറ്ററാണ് ഡാമിലെ ഇപ്പോഴത്തെ ജലനിരപ്പ്. പരമാവധി ജലനിരപ്പ് 62.48 മീറ്റർ. ഈ സ്പിൽവേ ഷട്ടർ അഞ്ച്

സെന്റിമീറ്റർ തുറന്ന് വെള്ളം പുറത്തേക്കൊഴുകും. ഇത് മൂലം വടക്കാഞ്ചേരി പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരാൻ സാധ്യതയുള്ളതിനാൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, തെക്കുംകര, എരുമപ്പെട്ടി, വേലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, എളവള്ളി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ ജനങ്ങൾ ജാഗ്രത പാലിക്കണം. പുഴയിൽ മത്സ്യബന്ധനത്തിനും മറ്റ് അനുബന്ധപ്രവൃത്തികൾ നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു.

## പ്രളയ പ്രവർത്തന അവലോകന യോഗം ചേർന്നു

ജില്ലാ ദുരന്ത നിവാരണ ഏജൻസിയുടെ കീഴിൽ വിവിധ സംഘടനകളുടെ പ്രളയ പ്രവർത്തനങ്ങളുടെ അവലോകന യോഗം ചേർന്നു. ജില്ലയിലെ സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ആരംഭിച്ചതാണ് ഐഎജി (ഇന്റർ ഏജൻസി ഗ്രൂപ്പ്) പ്രളയത്തിൽ സംഘടനകൾ ഏറ്റെടുത്തു നടപ്പിലാക്കിയ സന്നദ്ധ സേവന പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ, പ്രളയത്തെ ചെറുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്തു. പ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ തയ്യാറാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജില്ലാ കളക്ടർ നിർദേശം നൽകി. പ്രളയ പ്രദേശങ്ങൾ മുൻകൂട്ടി പ്രവചിക്കാനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തി അപകടങ്ങൾ തടുക്കാനും വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ കാനകൾ വൃത്തിയാക്കുക, അപകട ഭീഷണിയുയർത്തുന്ന മരക്കൊമ്പുകൾ വെട്ടിമാറ്റിമാറ്റുക, വ്യക്തിശുചിത്വ അവബോധം സൃഷ്ടിക്കുക, ക്യാമ്പുകളിൽ നിന്ന് പിരിഞ്ഞു പോകുന്നവർക്ക് മാർഗനിർദേശനങ്ങൾ നൽകുക എന്നീ പ്രവർത്തനങ്ങളാണ് ഉടനടി സംഘടനകൾ ഏറ്റെടുക്കുന്നത്. കലക്ടറേറ്റു കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ എ ജി കൺവീനർ ഫാദർ ഡേവിസ് ചിറമേൽ, ജില്ലാ പ്രൊജക്റ്റ് ഓഫീസർ നൗഷാബാ നാസ് വിവിധ സംഘടന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. യുനിസഫ് ജലസംരക്ഷണ ശുചിത്വ കൺസൾട്ടന്റ് സെർന മേരി ഇഗ്നേഷ്യസ് ജലസംരക്ഷണത്തെക്കുറിച്ചു ക്ലാസെടുത്തു.

**(പടം ഉണ്ട്)**

## കേരളത്തിന് ഒരു കൈതാങ്ങ്: ഒരു ലക്ഷം രൂപയുടെ ചെക്ക് കൈമാറി

ചേലക്കരയിൽ പ്രവാസി വ്യവസായി പി യു ബഷീർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപയുടെ ചെക്ക് യു ആർ പ്രദീപ് എംഎൽഎയ്ക്ക് കൈമാറി. പഞ്ചായത്ത് മെമ്പർ സൈനബ ഇക്ബാൽ, പി എ ജാഫർ, കെ എ ലക്ഷമണൻ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

**(പടം ഉണ്ട്)**

## പ്രളയപ്രദേശങ്ങളിൽ വെളിച്ചമേകാൻ വിദ്യാർത്ഥിനികൾ

പെരുമ്പാവൂർ മാർത്തോമാ വനിത കോളേജിലെ വിദ്യാർത്ഥിനികൾ പ്രളയ ബാധിതർക്ക് വെളിച്ചം നല്കി സഹായിക്കുന്നു. കോളേജിലെ ഫിസിക്സ് വകുപ്പിന്റെ കീഴിലുള്ള വിദ്യാർത്ഥിനികൾ നിർമ്മിച്ച 100 എൽഇഡി ബൾബുകൾ കളക്ടറേറ്റിലെത്തിച്ച് ജില്ലാ കളക്ടർക്ക് കൈമാറി. എനർജി കോൺസെർവാഷൻ ഏജൻസിയിലൂടെ ബൾബ് നിർമ്മാണം പരിശീലിച്ച വിദ്യാർത്ഥികൾ പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ എനർജി കോൺസെർവഷൻ ഏജൻസി ഡയറക്ടർ ഡോക്ടർ കെ സോമനാണു ബൾബ് നിർമ്മാണം എന്ന ആശയം മുന്നോട്ടുവെച്ചത്. ഡോക്ടർ കെ സോമന്റെ നേതൃത്വത്തിൽ കഴിഞ്ഞ പ്രളയ കാലത്തു 600 എൽഇഡി ബൾബുകൾ ഏജൻസി മുഖാന്തിരം നൽകിയിരുന്നു. എൽഇഡി ബൾബുകളുടെ ആവശ്യകത വന്നാൽ ഇനിയും 400 ബൾബുകൾ കൂടി നൽകാൻ തയ്യാറാണെന്ന് ഏജൻസി പ്രതിനിധികൾ ജില്ലാ കളക്ടറെ അറിയിച്ചു. മാർത്തോമാ കോളേജ് ഫിസിക്സ് വകുപ്പ് മേധാവി ഡോക്ടർ പി അനുപമ, എനർജി കോൺസെർവഷൻ ജനറൽ സെക്രട്ടറി സുനിൽകുമാർ എന്നിവർ വിദ്യാർത്ഥിനികളെ അനുഗമിച്ചു.

**(പടം ഉണ്ട്)**

# പുനരധിവാസ നടപടികൾ വേഗത്തിൽ: 25 ലക്ഷം രൂപ അനുവദിച്ചു.

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ കൊറ്റമ്പത്തൂർ കോളനിയിൽ ഉണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് വാസയോഗ്യമല്ലാതായവരെ പുനരധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയ ദേശമംഗലം എസ്റ്റേറ്റ് പടി ഭൂമിയിലെ സംരക്ഷണഭിത്തി കെട്ടുന്നതിന് 25 ലക്ഷം രൂപ അനുവദിച്ചതായി യു.ആർ. പ്രദീപ് എം.എൽ.എ. അറിയിച്ചു. 2019-20 സാമ്പത്തിക വർഷത്തിലെ എം.എൽ എ. ഫണ്ട് വിനിയോഗിച്ചാണ് പണം വകയിരുത്തിയിരിക്കുന്നത്. ഇതിന് ജില്ലാ കളക്ടർ ഭരണാനമതി നൽകി ഉത്തരവായിട്ടുണ്ട്. സംരക്ഷണഭിത്തി കെട്ടി ഭൂമി സംരക്ഷിക്കുന്നതിനോടൊപ്പം റോഡ്, കുടിവെള്ളം, വൈദ്യുതി, അങ്കണവാടി, കമ്മ്യൂണിറ്റി ഹാൾ എന്നീ സ്വകര്യങ്ങളും ഇവിടെ ലഭ്യമാക്കുമെന്ന് എം.എൽ.എ. അറിയിച്ചു.

# കടാശ്വാസതുക നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം: മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഇതിനകം പുറത്തിറക്കിയ വിവിധ ഉത്തരവുകളനുസരിച്ച് അനുവദിക്കേണ്ട തുക ഉടൻ ബാങ്കുകൾക്ക് ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്താൻ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിർദ്ദേശം നൽകി. നാട്ടിക ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് പി എസ് ഗോപിനാഥിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സിറ്റിങ്ങിലാണ് കമ്മീഷന്റെ നിർദ്ദേശം.

മത്സ്യഫെഡ് ജില്ലാ ഓഫീസ്, കയ്പമംഗലം സർവീസ് സഹകരണ ബാങ്ക്, അഴീക്കോട് മത്സ്യത്തൊഴിലാളി വികസന സഹകരണ സംഘം, നാട്ടിക ഫർക റൂറൽ സർവീസ്, പൂവ്വത്തുംകടവ് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും 7 മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പയ്ക്ക് കടാശ്വാസമായി 706315 രൂപ അനുവദിക്കാൻ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തു.

പടിഞ്ഞാറെ വെമ്പല്ലൂർ-പെരിഞ്ഞനം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിൽ നിന്നും 2 മത്സ്യത്തൊഴിലാളികൾ എടുത്തെ ഗ്രൂപ്പ് വായ്പക്ക് അനുവദിച്ച കടാശ്വാസം ലഭിക്കാത്തത് സംബന്ധിച്ച റിപ്പോർട്ടും വായ്പ സ്റ്റേറ്റ്മെന്റും ഹാജരാക്കാൻ കമ്മീഷൻ നിർദ്ദേശിച്ചു.

തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ പെരിഞ്ഞനം ശാഖയ്ക്ക് അനുവദിച്ച 75000 രൂപ കടാശ്വാസ തുക കയ്പമംഗലം ശാഖയ്ക്ക് നൽകിയത് തിരിച്ച് പിടിക്കാൻ സഹകരണ ജോയിന്റ് രജിസ്ട്രാർക്കും തുക വായ്പ കണക്കിൽ വരവ് വച്ച കടകണക്ക് അവസാനിപ്പിക്കാൻ ബാങ്കിനും കമ്മീഷൻ നിർദ്ദേശം നൽകി.

യൂക്കോ ബാങ്കിന്റെ മുമ്പം ശാഖയിൽ നിന്നും 4 ലക്ഷം രൂപയുടെ വായ്പയെടുത്ത മത്സ്യത്തൊഴിലാളിക്ക് കടാശ്വാസമായി പരമാവധി തുക അനുവദിച്ചാൽ പോലും മുതലിനത്തിൽ തിരിച്ചടവ് ഉണ്ടാകുമെന്നതിനാൽ വായ്പയിൽ ബാങ്കിന് വിട്ട്വീഴ്ച ചെയ്യാവുന്ന തുക എത്രയെന്നത് റീജിയണൽ ഓഫീസുമായി ചർച്ച ചെയ്ത് അടുത്ത സിറ്റിംഗിൽ അറിയിക്കാമെന്ന ബാങ്ക് പ്രതിനിധിയുടെ നിർദ്ദേശം സ്വീകരിച്ച് മാറ്റി വെച്ചു.

1 ലക്ഷം രൂപയുടെ വായ്പ പലിശ കൂടി ചേർത്ത് മോറട്ടോറിയം നിലനിൽക്കെ 1.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് പുതുക്കി നല്കിയതിൽ വിട്ട്വീഴ്ച ചെയ്യാവുന്ന തുക എത്രയെന്നത് അടുത്ത സിറ്റിംഗിൽ അറിയിക്കാമെന്ന ബാങ്ക് പ്രതിനിധിയുടെ നിർദ്ദേശം സ്വീകരിച്ച് മാറ്റി വെച്ചു.

കയ്പമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 25,000 രൂപയെടുത്ത മത്സ്യത്തൊഴിലാളിക്ക് അനവദിച്ച കടാശ്വാസ തുകയായി പലിശ വിഹിതം ചേർത്ത് 26,609 രൂപ ലഭിച്ചതിനെ തുടർന്ന് വായ്പ ക്ളോസ് ചെയ്തതായി ബാങ്ക് പ്രതിനിധി അറിയിച്ചു. അഴീക്കോട് മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘത്തിൽ നിന്നും എടുത്ത വായ്പ

കാലഹരണപ്പെട്ടതായി കണ്ട് ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ രേഖകൾ ഹാജരാക്കുവാൻ സംഘത്തിന് നിർദ്ദേശം നല്കി. മൊത്തം 56 കേസുകളാണ് സിറ്റിങ്ങിൽ പരിഗണിച്ചത്.

സിറ്റിങ്ങിൽ ഹാജരാകാൻ സാധിക്കാതിരുന്ന മത്സ്യത്തൊഴിലാളികളുടെ അപേക്ഷ അടുത്ത സിറ്റിംഗിൽ പരിഗണിക്കും. അടുത്ത സിറ്റിംഗ് തീയതി നോട്ടീസിന് പുറമെ പത്ര മാദ്ധ്യമങ്ങൾ വഴി അറിയിക്കും.

കമ്മീഷൻ അംഗങ്ങളായ കൂട്ടായി ബഷീർ, കെ എ ലത്തീഫ് എന്നിവരും തൃശ്ശൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ എം ആർ പ്രഷീദ് കുമാർ, ജൂനിയർ ആഡിറ്റർ സി ബി അനിൽകുമാർ എന്നീ ഉദ്യോഗസ്ഥരും വിവിധ സഹകരണ ബാങ്കുകളുടെയും ദേശസാൽകൃത ബാങ്കുകളുടെയും പ്രതിനിധികളും സിറ്റിങ്ങിനെത്തി.

## തൊഴിലുറപ്പും ഇച്ഛാശക്തിയും ചേർന്നപ്പോൾ മാറിയത് ചേർപ്പിന്റെ മുഖഛായ

പ്രകൃതിദത്ത വസ്തുക്കളുപയോഗിച്ച് തൊഴിലുറപ്പ് പദ്ധതി വഴി ചെലവുകുറഞ്ഞ തടയണ തീർത്ത് ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്. നെൽകൃഷി മുഖ്യജീവനോപാധിയായ അവിണിശ്ശേരി, ചേർപ്പ്, പാറളം, വല്ലച്ചിറ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശത്താണ് വെള്ളക്കെട്ട് മൂലം തരിശായ ചൊവ്വൂർ താഴം ചേനം ഭാഗത്ത് കൃഷിയിറക്കാനായി ബണ്ട് നിർമ്മിച്ചത്. കരുവന്നൂർ പുഴയോട് ചേർന്ന മുഖ്യകനാലിലാണ് മുള, കവുങ്ങ്, മണൽ ചാക്ക്, തെങ്ങ് എന്നിവ ഉപയോഗിച്ച് തടയണ തീർത്തത്. 2018 ഡിസംബറിൽ തുടങ്ങിയ പണി 2019 ജനുവരിയിൽ പൂർത്തീകരിച്ചു. തടയണ നിർമ്മാണത്തിന് ശേഷം ചൊവ്വല്ലൂർ താഴം 118 ഏക്കർ തരിശുഭൂമി കൃഷിയോഗ്യമായി 48 ടൺ നെല്ലാണ് കഴിഞ്ഞ വിളവെടുപ്പിൽ ലഭിച്ചത്.

56.28 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിനെ വലം വച്ചാണ് കരുവന്നൂർ പുഴയുടെ ഒഴുക്ക്. ഇതിന്റെ ഭാഗമായ മുഖ്യകനാലിൽ തീർക്കുന്ന താൽക്കാലിക ബണ്ടുകളായിരുന്നു ഇവിടത്തെ കൃഷിക്കാരുടെ ആശ്രയം. മുഖ്യകനാലിൽ വെള്ളം നിറഞ്ഞ് ബണ്ടുകൾ തകരുന്നത് പതിവായതോടെ നെൽകൃഷിയും താളം തെറ്റി ഏക്കർ കണക്ക് പാടം കാലക്രമേണ തരിശിടാൻ തുടങ്ങി. തരിശ് ഭൂമി കൃഷി ഭൂമിയാക്കണമെന്ന ആലോചനയിൽ നിന്നാണ് സ്ഥിരം തടയണയെന്ന ആശയമുയർന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിശ്രമഫലമായി കർഷകർ കൃഷി ചെയ്യാൻ സന്നദ്ധതരായി കളപറച്ചും ചെളിനീക്കിയും ഭൂമി കൃഷിയോഗ്യമാക്കി. തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ അധികജലമൊഴുക്കി വിത്ത് വിതച്ചു. കൃഷി മന്ത്രി വി എസ് സുനിൽകുമാറിന്റെ നേതൃത്വത്തിലായിരുന്നു ഇത്. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെയും വിവിധ വകുപ്പ് തല ഉദ്യോഗസ്ഥരുടെയും പിന്തുണയും തടയണ നിർമ്മാണത്തിനും കൃഷിയിറക്കുന്നതിനും തുണയായി.

കൃഷിയും കന്നുകാലി വളർത്തലും മുഖ്യവരുമാനമാർഗ്ഗമായ ചേർപ്പ് ബ്ലോക്കിൽ തടയണവന്നതോടെ തരിശ് ഭൂമികളെല്ലാം കൃഷിഭൂമികളായി മാറി. കുടുംബശ്രീ വനിതാകൂട്ടായ്മയാണ് നെൽകൃഷിക്ക് വേണ്ട അടിസ്ഥാന പ്രവർത്തകർ നടത്തുന്നത്.തദ്ദേശമായി ലഭിക്കുന്ന വസ്തുക്കളുപയോഗിച്ച്, തദ്ദേശീയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ തൊഴിലുറപ്പ് പദ്ധതി വഴി നിർമ്മിച്ച തടയണ ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ മുഖഛായമാറ്റിയിരിക്കുകയാണ്.

**(പടം ഉണ്ട്)**

## ജനകീയ കമ്മിറ്റി യോഗം 27 ന്

വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം വിതരണം കണ്ടെത്തി തടയുന്നതിനായി രൂപീകരിച്ച തൃശൂർ നിയോജകമണ്ഡലതല ജനകീയ കമ്മിറ്റി യോഗം ആഗസ്റ്റ് 27 രാവിലെ 10 ന് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും.

## നടവരമ്പ് ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ; എച്ച് എസ് എസ് ബ്ലോക്ക് ഉദ്ഘാടനം

നടവരമ്പ് ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ പുതിയ എച്ച് എസ് എസ് ബ്ലോക്കിന്റെ ഉദ്ഘാടനം പ്രൊഫ കെ യു അരുണൻ മാസ്റ്റർ എംഎൽഎ നിർവഹിച്ചു. ഇതോടൊപ്പം ശതാബ്ദി ആഘോഷങ്ങൾക്കും തുടക്കമായി. വേളൂക്കര പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര തിലകൻ അധ്യക്ഷത വഹിച്ചു. മുൻ ഗവ. ചീഫ് വിപ്പ് അഡ്വ. തോമസ് ഉണ്ണിയാടന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.5 കോടി രൂപ ചിലവഴിച്ചാണ് എച്ച് എസ് എസ് ബ്ലോക്ക് പണി പൂർത്തീകരിച്ചത്. കെട്ടിടത്തിന്റെ താക്കോൽ ദാനം തോമസ് ഉണ്ണിയാടൻ നിർവഹിച്ചു. ചടങ്ങിൽ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് രാധാകൃഷ്ണൻ വിശിഷ്ടതിഥിയായി. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജുള അരുണൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ ജി ശങ്കര നാരായണൻ, പൊതുമരാമത്തു വകുപ്പ് ഇരിങ്ങാലക്കുട അസിസ്റ്റന്റ് എൻജിനിയർ സ്മിത, കോൺട്രാക്റ്റർ ബോസ് തോമസ്, സൂപ്പർ വൈസർ ഒ എസ് ഹെന്ററി എന്നിവരെ ആദരിച്ചു. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ വിജയലക്ഷ്മി വിനയ ചന്ദ്രൻ, വേളൂക്കര ഗ്രാമപഞ്ചായത്ത് അംഗം ഡെയ്സി ജോസ്, സ്കൂൾ പി ടി എ പ്രസിഡന്റ് എം കെ മോഹനൻ തുടങ്ങിയവർ ആശംസകൾ നേർന്നു.ഹയർ സെക്കന്ററി വിഭാഗം പ്രിൻസിപ്പൽ എം നസറുദീൻ സ്വാഗതവും ടീച്ചേഴ്സ് കൗൺസിൽ കൺവീനർ സി ബി ഷക്കീല നന്ദിയും പറഞ്ഞു.
**(പടം ഉണ്ട്)**

## ലൊജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്: അപേക്ഷ ക്ഷണിച്ചു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം റീജിയണൽ സെന്റർ (0471-2550612, 2554947), തിരുവനന്തപുരം മോഡൽ ഫിനിഷിംഗ് സ്കൂൾ (0471-2307733), കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കോന്നി, പത്തനംതിട്ട (0468-2382280), കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാർത്തികപള്ളി, (0479-2485370, 2485852, 2485372), മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, കലൂർ കൊച്ചി (0484-2347132), മോഡൽ ഫിനിഷിംഗ് സ്കൂൾ, എറണാകുളം (0484-2341410) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, നാട്ടിക, തൃശൂർ (0487-2395177), ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, വരടിയം, തൃശൂർ (0487 -2214773), എക്സ്റ്റൻഷൻ സെന്റർ,ചേർപ്പ് (0487-2340234), കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അട്ടപ്പാടി, പാലക്കാട് (0492-4254699), എക്സ്റ്റൻഷൻ സെന്റർ, തിരൂർ, മലപ്പുറം (0494-2423599), കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കോഴിക്കോട് (0495-2765154, 2768320) എന്നിവിടങ്ങളിൽ ആരംഭിക്കുന്ന ആറുമാസ കാലാവധിയുള്ള ഡിപ്ലോമ ഇൻ ലൊജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്(ഡി.എൽ.എസ്.എം) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്രവേശനയോഗ്യത ബി.ടെക്, ബി.ഇ, എം.ഇ, എം.ടെക്, ബി.എസ്.സി, ബി.സി.എ, എം.സി.എ ഇവയിൽ ഏതെങ്കിലും ഒരു കോഴ്സ് പഠിച്ചവർക്കും മേൽ പറഞ്ഞ കോഴ്സുകളിൽ പഠിച്ച് വിജയം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷാഫോറവും, പ്രോസ്പെക്ടസും ഐ.എച്ച്.ആർ.ഡി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. അപേക്ഷാഫോറം പകർപ്പ് മുകളിൽ കൊടുത്തിട്ടുള്ള ട്രെയിനിംഗ് സെന്ററുകളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും രജിസ്ട്രേഷൻ ഫീസും സഹിതം ബന്ധപ്പെട്ട ട്രെയിനിംഗ് സെന്ററുകളിൽ ആഗസ്റ്റ് 30 നകം അപേക്ഷിക്കണം. രജിസ്ട്രേഷൻ ഫീസായ 150 രൂപ (പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 100 രൂപ) അതാത് സെന്ററുകളിൽ നേരിട്ടോ ബന്ധപ്പെട്ട ട്രെയിനിംഗ് സെന്റർ മേധാവിയുടെ പേരിൽ എടുത്ത ഡി.ഡി ആയോ അയയ്ക്കാം.

## വേതനം പുതുക്കൽ തെളിവെടുപ്പ് 29 ന്

ബ്രുവറിസ്, ഇഷ്ടിക നിർമ്മാണ വ്യവസായം എന്ന മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനുള്ള തെളിവെടുപ്പ് യോഗം ആഗസ്റ്റ് 26 യഥാക്രമം രാവിലെ 10.30 നും ഉച്ചയ്ക്ക് 11.30 നും പാലക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും.

ബന്ധപ്പെട്ട തൊഴിൽ മേഖലയിലെ തൊഴിലാളി-തൊഴിലുടമ പ്രതിനിധികളും മറ്റുള്ളവരും യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ (ഇ) അറിയിച്ചു. ഫോൺ: 0487-2360469.

## അദ്ധ്യാപക ഒഴിവ്

തൃത്താല ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഈ അദ്ധ്യയന വർഷം ഇംഗ്ലീഷ് വിഭാഗത്തിൽ ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്തുന്നു. യുജിസി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള യോഗ്യത ഉള്ളവരും കോളേജീയേറ്റ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ ആഗസ്റ്റ് 26 രാവിലെ 10 ന് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0466-2230335, 2270353.

## കാഡ:
## ക്വട്ടേഷൻ ക്ഷണിച്ചു

മണ്ണുത്തി സംസ്ഥാന ബയോകൺട്രോൾ ലാബിലേക്ക് കാഡ തുണി വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 29 രാവിലെ 11 മണി. ഫോൺ: 0487-2374605.

## ലേണിങ് ഡിസബിലിറ്റീസ്
## കോഴ്സിന് അപേക്ഷിക്കാം

തൃശൂർ പഠനകേന്ദ്രത്തിൽ നടത്തുന്ന മാനേജ്മെന്റ് ഓഫ് ലേണിങ് ഡിസബിലിറ്റീസ് കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു ആണ് യോഗ്യത. അപേക്ഷഫോറവും വിശദവിവരങ്ങളും www.src.kerala.gov.in/www.srccc.in എന്നീ വെബ് സൈറ്റുകളിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 31. ഫോൺ: 0471-2325101, 9446330827.

## ലേലം

പഴയന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ സെപ്റ്റംബർ 25 രാവിലെ 11 ന് സ്റ്റേഷൻ പരിസരത്ത് ലേലം ചെയ്യും. ഫോൺ: 0487-2423511.

## വിജയാമൃതം പദ്ധതി:
## അപേക്ഷ ക്ഷണിച്ചു

സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് അംഗീകൃത സ്ഥാപനങ്ങൾ (പാരലൽ കോളേജ്, വിദൂരവിദ്യാഭ്യാസം) എന്നിവിടങ്ങളിൽ നിന്നും ഈ അദ്ധ്യയന വർഷം ഉന്നത വിജയംകരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന വിജയാമൃതം പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ചെമ്പൂക്കാവ് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സെപ്റ്റംബർ 7 നകം അപേക്ഷ നൽകണം. ഫോൺ: 0487-2321702.

## ശിശുക്ഷേമ സമിതി യോഗം
## സെപ്റ്റംബർ 6 ന്

ജില്ലാ ശിശുക്ഷേമ സമിതി യോഗം സെപ്റ്റംബർ 6 രാവിലെ 10.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

# രാജീവ് ഗാന്ധി സദ്ഭവന അവാർഡ് എം പത്മകുമാറിന്

രാജീവ് ഗാന്ധി സദ്ഭവന അവാർഡ് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം പത്മകുമാറിന്. തുടർച്ചയായി സ്വരാജ് ട്രോഫി നേടിയ ബ്ലോക്ക് പഞ്ചായത്ത് ഉപാദ്ധ്യക്ഷൻ എന്ന നിലയിലാണ് ഇദ്ദേഹത്തെ അവാർഡിന് പരിഗണിച്ചത്. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എന്ന നിലയിൽ രണ്ട് തവണയും പഴയന്നൂർ ഗ്രാമപഞ്ചായത്ത് മെമ്പറായും എം പത്മകുമാർ പ്രവർത്തിച്ചിട്ടുണ്ട്. 45 വയസ്സിന് താഴെയുള്ള യുവ പൊതുപ്രവർത്തകരെ പരിഗണിച്ചുകൊണ്ടാണ് ഹൈദരബാദ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന രാജിവ് ഗാന്ധി ഫൗണ്ടേഷൻ അവാർഡ് പ്രഖ്യാപിച്ചത്. 2020 മെയ് 21 ന് രാജീവ് ഗാന്ധി രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് തിരുപ്പതിയിൽ വെച്ച് നടക്കുന്ന ചടങ്ങിൽ 10000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് ഉപരാഷ്ട്രപതിയുടെ സാന്നിദ്ധ്യത്തിൽ സമ്മാനിക്കുമെന്ന് ഫൗണ്ടേഷൻ ഭാരവാഹികൾ അറിയിച്ചു. അവാർഡ് തുക കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുമെന്ന് എം പത്മകുമാർ അറിയിച്ചു. പ്രൊഫ. എം രാധാകൃഷ്ണൻ, ഡോ. എം ദാമോദരൻ, ഡോ. കെ എസ് സുരേഷ് കുമാർ എന്നിവർ അടങ്ങിയ സമിതിയാണ് അവാർഡ് നിർണ്ണയം നടത്തിയത്.

**(പടം ഉണ്ട്)**

# അസ്മാബി കോളേജ്-പോഴൻകാവ് റോഡ് നവീകരണത്തിന് 60 ലക്ഷം

ശ്രീനാരായണപുരം പഞ്ചായത്തിലെ പോഴൻ കാവ് - അസ്മാബി കോളേജ് റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നു. ബി.എം.ബി.സി നിലവാരത്തിലാണ് നവീകരിക്കുക. ഇതിന് 60,50,000 രൂപയുടെ ഭരണാനുമതി ലഭിച്ചു. തുടർ നടപടികൾ പൂർത്തീകരിച്ച് പണികൾ ഉടൻ ആരംഭിക്കുമെന്ന് ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ അറിയിച്ചു. തീരദേശത്തെ റോഡിന്റെ ശോചനീയാവസ്ഥ കാണിച്ച് എംഎൽഎ ഹാർബർ എഞ്ചീനിയറിഗ് വകുപ്പിന് നൽകിയ കത്ത് പരിഗണിച്ചാണ് നടപടി. റോഡിന്റെ പലഭാഗത്തും ടാറും മെറ്റലും പൂർണമായി ഇളകി മാറി കുണ്ടുംകുഴിയുമാണ്. കനത്ത മഴയിൽ ഇതിൽ വെള്ളം കെട്ടുന്നതു മൂലം കുഴി അറിയാതെ ഇരുചക്രയാത്രക്കാർ അപകടത്തിൽപ്പെടുന്നതും പതിവായിരുന്നു. കോളേജിലേക്ക് കാൽനടയായി എത്തുന്ന വിദ്യാർത്ഥികൾ അടക്കമുള്ള യാത്രികരുടെ ക്ലേശത്തിനാണ് ഇതോടെ അറുതിയാകുന്നത്.

# ഗതാഗത പരിഷ്കരണം: കൊടുങ്ങല്ലൂർ വടക്കേനടയിൽ പാർക്കിങ്ങ് നിരോധിച്ചു

കൊടുങ്ങല്ലൂർ നഗരത്തിൽ വടക്കെനടയിൽ വാഹനങ്ങളുടെ പാർക്കിങ് നിരോധിച്ചു. സെപ്റ്റംബർ മുതൽ ഇത് നടപ്പിലാക്കും. സ്റ്റേറ്റ് ബാങ്ക് - കോടതി പരിസരം മുതൽ വടക്ക് ക്രാങ്കനൂർ ജ്വല്ലറി വരെയും പടിഞ്ഞാറ് ഭാഗത്ത് പോലീസ് മൈതാനം മുതൽ വില്ലേജ് ഓഫീസ് വരെയുമാണ് വാഹന പാർക്കിങ് നിരോധിച്ചത്. ടാക്സി സ്റ്റാന്റിലുള്ള കാറുകൾക്കും മറ്റ് വാഹനങ്ങൾക്കും നിരോധനം ബാധകമാക്കില്ല. നഗരസഭ ചെയർമാൻ കെ.ആർ.ജൈത്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മുനിസിപ്പൽകൗൺസിൽ യോഗത്തിലാണ് തീരുമാനം. ട്രാഫിക്ക് റഗുലേറ്ററി കമ്മിറ്റി യോഗത്തിലും ഈ സ്ഥലത്ത് വാഹന പാർക്കിങ് നിരോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

വാഹനങ്ങൾക്ക് നഗരത്തിൽ തന്നെ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് പാർക്കിങ് നടത്തുവാൻ പകരം സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. വടക്കെ നടയിലെ കച്ചവടക്കാരും ഇക്കാര്യത്തിൽ സഹകരിച്ചു. ഇതോടു കൂടി നഗരത്തിലെ ഗതാഗത സംവിധാനം കുറെക്കൂടി സുഗമമാക്കുവാൻ കഴിയും. നഗരത്തിലെ പാർക്കിങ് സംവിധാനത്തിൽ മുഴുവൻ ജനങ്ങളുടെയും സഹായ സഹകരണമുണ്ടാകണമെന്നും ചെയർമാൻ അഭ്യർത്ഥിച്ചു. ഇതിന്റെ ഭാഗമായി നാളെ(ആഗസ്റ്റ് 24) ഉച്ചയ്ക്ക് 3 മണിക്ക് നഗരസഭ ഓഫീസിൽ സർവ്വകക്ഷി യോഗം വിളിച്ചു ചേർത്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

# സ്കൂൾ ബസ് നൽകി

വലപ്പാട് വൊക്കേഷണൽ ഹയർസെക്കന്ഡറി സ്കൂളിന് നാട്ടിക നിയോജകമണ്ഡലം എം എൽ എ ഗീതാഗോപി സ്കൂൾ ബസ് സമർപ്പിച്ചു. എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് 15 ലക്ഷം രൂപ വിനിയോഗിച്ചാണ് 26 സീറ്റുള്ള ബസ് സമർപ്പിച്ചത്. തീരദേശത്തെ പ്രധാന വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയത്തിന് സ്വന്തമായി വാഹനസൗകര്യമില്ലാത്തതു ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് എം എൽ എ ഫണ്ട് ഉപയോഗപ്പെടുത്തി ബസ് സമർപ്പിച്ചത്. സ്കൂൾ അങ്കണത്തിൽ നടന്ന പരിപാടിയിൽ എം എൽ എ ഗീതാഗോപി വണ്ടി ഫ്ളാഗ്ഓഫ് ചെയ്തു. വലപ്പാട് പഞ്ചായത്ത് പ്രസിഡന്റ് ഇ കെ തോമസ് മാസ്റ്റർ അധ്യക്ഷൻ ആയി. തളിക്കുളം ബ്ലോക്ക് പ്രസിഡന്റ് ഡോ. സുഭാഷിണി മഹാദേവൻ വിശിഷ്ടാതിഥിയായി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബീന അജയഘോഷ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ എ മജീദ്, സ്കൂൾ പ്രിൻസിപ്പൽ വി ബി മുരളീധരൻ, പി ടി എ പ്രസിഡന്റ് എൻ ജി ജോഷി എന്നിവർ സംസാരിച്ചു.

**(പടം ഉണ്ട്)**

# പ്രാണശക്തി പദ്ധതി:
# സേവനം ലഭ്യം

ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രാണശക്തി പദ്ധതി പ്രകാരം എല്ലാ ചൊവ്വാഴ്ചയും വ്യാഴാഴ്ചയും രാവിലെ 10 മുതൽ 2 വരെ മോട്ടോർ ന്യൂറോൺ രോഗം ബാധിച്ചവർക്കായി ചികിത്സാ സൗകര്യം ഡോ. ജയകൃഷ്ണന്റെ നേതൃത്വത്തിൽ ലഭ്യമാണ്. സംസ്ഥാനത്ത് ഇത്തരം അസുഖങ്ങൾക്കുള്ള ഏക സെന്ററായ ഈ ആശുപത്രിയിലെ സേവനം പൊതുജനങ്ങൾ ഉപയോഗ പ്പെടുത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഫോൺ: 0487 2334312.